കേരള ഫിഷറീസ് സർവ്വകലാശാല

10 (*580) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിഷറീസ് സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സർവ്വകലാശാലയിലെ കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതിന് ഫിഷറീസ് വകുപ്പിന്റെ ഉപദേശം സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) മത്സ്യമേഖലയുടെ വികസനത്തിന് നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിന് ഫിഷറീസ് വകുപ്പ് സർവ്വകലാശാലയുമായി കരാറിൽ ഏർപ്പെടുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ഡി) ശാസ്ത്രീയ-മത്സ്യകൃഷി സംബന്ധിച്ച് പുതിയ അറിവുകൾ നേടുന്നതിന് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുമായി മത്സ്യബന്ധന വകുപ്പ് യോജിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ആരംഭിച്ചിട്ടുണ്ട്. 2011 ഏപ്രിൽ 1 മുതൽ കേരള ഫിഷറീസ് സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കുഫോസ് അക്കാഡമിക് കൗൺസിലിന്റെ ഉപദേശമനുസരിച്ചാണ് കോഴ്സുകൾ നടത്തുന്നത്. ഫിഷറീസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിലും അക്കാദമിക് കൗൺസിലിലും സെനറ്റിലും അംഗങ്ങളാണ്.

(സി) മത്സ്യമേഖലയുടെ സമഗ്രവികസനം ഫിഷറീസ് സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യമായതിനാലും ഫിഷറീസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലിലും, അക്കാദമിക് കൗൺസിലിലും സെനറ്റിലും അംഗങ്ങളായതിനാലും ഫിഷറീസ് വകുപ്പും സർവ്വകലാശാലയുമായി ഇക്കാര്യത്തിൽ നിരന്തര ബന്ധമുണ്ട്. കരാറിൽ ഏർപ്പെടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) യോജിച്ച് പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly